4711-02-103-99-എ.എസ്.ഇ. സിവിൽ വർക്സ് (പ്ലാൻ) - 561.90 ലക്ഷം രൂപ

2711-02-103-99 മെയിന്റനൻസ് ഓഫ് എ.എസ്.ഇ.(പ്ലാൻ) - 163.30 ലക്ഷം രൂപ

2711-02-103-99 മെയിന്റനൻസ് ഓഫ് എ.എസ്.ഇ.(നോൺ പ്ലാൻ)-350.62 ലക്ഷം രൂപ.

62 (1168) ഭൂഗർഭ ജലസമ്പത്ത്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭൂഗർഭ ജലസമ്പത്തിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ,എത്ര കാലത്തെ ഉപയോഗത്തിനുള്ള ഭൂഗർഭജലം കേരളത്തിൽ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഭൂഗർഭജലം ഉപയോഗപ്പെടുത്താൻ ഇപ്പോൾ എന്തെല്ലാം പദ്ധതികളാണുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂജലവികസനം ഖനനമല്ലാത്തതിനാലും, കാലാകാലങ്ങളിൽ ഭൂജല സംപോഷണം നടക്കുന്നതിനാലും ഇപ്പോൾ ഭൂജലലഭ്യത മെച്ചമായതിനാലും, എത്ര വർഷത്തേക്ക് ലഭ്യമാകും എന്ന് തിട്ടപ്പെടുത്തിയിട്ടില്ല. 1998-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 7900 മില്യൻ ക്യൂബിക് മീറ്റർ ഭൂജലം ലഭ്യമാണ് എന്ന് ഗ്രൗണ്ട്വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി കണക്കാക്കിയിട്ടുണ്ട്.

(സി) 1. ഭൂജല പര്യവേഷണവും വികസനവും

2. ഭൂജലത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനുമുള്ള പദ്ധതി

3. സാമൂഹ്യ ജലസേചന പദ്ധതി

4. കേരള ഫെയിൽഡ് വെൽ കോമ്പൻസേഷൻ പദ്ധതി.

5. ഹൈഡ്രോളജി പ്രോജക്ട്

എന്നീ പദ്ധതികളാണ് ഭൂഗർഭജലം ഉപയോഗപ്പെടുത്തുവാനായി നിലവിലുള്ളത്. ഇതുകൂടാതെ കുടിവെള്ളത്തിനും ജലസേചനത്തിനുമായി കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുള്ള രണ്ട് പദ്ധതികളായ 1) ജനകീയ ജലസേചന പദ്ധതി (ജെ.ജെ.പി.)

2) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള പദ്ധതി എന്നിവ 1996-97 മുതൽ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറി. ഇവയ്ക്ക് ആവശ്യമായ എല്ലാവിധ സാങ്കേതിക സഹായങ്ങളും ഇപ്പോൾ ഭൂജലവകുപ്പ് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly